"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ്- സഹകരണ സർവീസ് പരീക്ഷാ ബോർഡിലെ ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയ്ക്കും, മൂന്ന് ക്ളർക്ക് തസ്തികകൾക്കും താത്കാലിക നിയമനം ദീർഘിപ്പിച്ചു നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.124/2026/Co-Op തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം.452/2019/സഹ തീയതി 20/07/2019
2. സ.ഉ.(സാധാ)നം.736/2021/സഹ തീയതി 22.12.2021
3. സ.ഉ.(സാധാ)നം.722/2022/സഹ തീയതി 07.11.2022
4. സ.ഉ.(സാധാ)നം.77/2023/സഹ തീയതി 03.03.2023
5. സ.ഉ.(സാധാ)നം.576/2024/സഹ തീയതി 02.12.2024
6. 22.10.2025 ന് ചേർന്ന സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് യോഗത്തിന്റെ 26-ാം നം. തീരുമാനം.
7. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് സെക്രട്ടറിയുടെ 13.11.2025 ലെ സി.എസ്.ഇ.ബി/ഇ&എ/1680/2018 നം. കത്ത്
8. സഹകരണസംഘം രജിസ്ട്രാറുടെ 28.11.2025 ലെ RCS/15031/2025-EM(5) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സഹകരണ സർവീസ് പരീക്ഷാ ബോർഡിൽ താത്ക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തിവരുന്ന ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയ്ക്കും, മൂന്ന് ക്ളർക്ക് തസ്തികകൾക്കും നല്കിയിരുന്ന തുടർച്ചാനുമതി 02.01.2026 ന് അവസാനിക്കുന്നതാണെന്നും സഹകരണ നിയമം സെക്ഷൻ 80 ബി യിൽ വന്ന ഭേദഗതിയിലൂടെ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും നിയമന ഉത്തരവാദിത്തം സഹകരണ സർവീസ് പരീക്ഷാ ബോർഡിനായതിനാൽ പരീക്ഷാ ബോർഡിന്റെ ജോലി ഭാരം വളരെയധികം വർദ്ധിച്ചിട്ടുണ്ടെന്നും ആയതിനാൽ ടി തസ്തികകൾക്ക് വീണ്ടും തുടർച്ചാനുമതി നല്കണമെന്നും സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് സെക്രട്ടറി പരാമർശം (7) പ്രകാരം

അപേക്ഷിച്ചിട്ടുണ്ട്. രജിസ്ട്രാർ പരാമർശം (6) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും നിയമന ഉത്തരവാദിത്വം സഹകരണ പരീക്ഷാ ബോർഡിനായതിനാൽ പരീക്ഷാ ബോർഡിന്റെ ജോലി ഭാരം വളരെയധികം വർദ്ധിച്ചിട്ടുണ്ടെന്നും ഈ വസ്തുത പരിഗണിച്ച് നാല് തസ്തികകളുടേയും തുടർച്ചാനുമതി നല്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ പരാമർശം (8) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സഹകരണ സർവീസ് പരീക്ഷാ ബോർഡിലെ ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയ്ക്കും, മൂന്ന് ക്ളർക്ക് തസ്തികകൾക്കും കരാർ കാലാവധി അവസാനിച്ച തീയതിയുടെ തൊട്ടടുത്ത പ്രവർത്തി ദിവസം ഒരു ഇടവേള നല്കിക്കൊണ്ട് ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി 179 ദിവസത്തേക്ക് മാത്രമായി താത്കാലിക നിയമനം ദീർഘിപ്പിച്ചു നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>വ്യവസ്ഥകൾ</u>

(i) ദിവസവേതന/കരാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്ന 26.02.2016 ലെ സ.ഉ(പി)നം.28/2016/ധന, 28.04.2017 ലെ സ.ഉ(പി)നം. 56/2017/ധന, 21.07.2018 ലെ സ.ഉ(പി)നം.112/2018/ധന, 09.07.2019 ലെ 81/2019/ധന, 11.01.2019 ലെ 03/2019/ധന നം. സർക്കുലർ, 30.08.2019 ലെ സ.ഉ(പി)നം.119/2019/ധന, 11.02.2021 ലെ സ.ഉ(പി) നം. 29/2021/ധന, 19.04.2025 ലെ സ.ഉ(പി)നം.54/2025/ധന എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

(ii) സ്ഥിരപ്പെടുത്താൻ യാതൊരു അവകാശവാദവും ഉന്നയിക്കുന്നതല്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട നിയമനാധികാരി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

(iii) താല്ക്കാലിക തസ്തികകളിലെ ജീവനക്കാർക്കുള്ള വേതനം 19.04.2025 ലെ സ.ഉ(പി)നം.54/2025/ധന ലെ ബന്ധപ്പെട്ട അനുബന്ധത്തിൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം നല്കേണ്ടതാണ്.

(iv) ഇതുമൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യത പരീക്ഷാ ബോർഡിൻ്റെ തനതു വരുമാനത്തിൽ നിന്നും വഹിക്കണം.

(v) വീണ്ടും പ്രസ്തുത തസ്തികകളിലെ സേവനം ആവശ്യമായി വരികയാണെങ്കിൽ എംപ്ളോയ്മെന്റ് വഴി പുതിയ ഉദ്യോഗാർത്ഥികൾക്ക് അവസരം ഉറപ്പുവരുത്തണം. അതിനായി മൂന്നു മാസം മുമ്പായി എംപ്ലോയ്മെന്റ് വഴിയുള്ള തെരഞ്ഞെടുക്കൽ പ്രക്രിയ ആരംഭിക്കേണ്ടതും ശിപാർശ സഹകരണ സംഘം രജിസ്ട്രാർ മുഖാന്തിരം സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണസംഘം രജിസ്ട്രാർ, തിരുവനന്തപുരം

സെക്രട്ടറി, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (3400192/Agri-A2/16/2026-FIN)

ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി (Co-Op-B1/226/2025-Co-Op)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 06-03-2026 11:33:41

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.സ്.
സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.